സമാധാനവും വാങ്ങിയിട്ടുണ്ട്. ഇവ രണ്ടും ഇപ്പോൾ എൻകയറി ഡിപ്പാർട്ടുമെൻറ സെക്രട്ടറിയുടെ ചർച്ചയിലിരിക്കുകയാണ്. പ്രസ്തുത സെക്രട്ടറിയുടെ റിപ്പോർട്ടുകിട്ടാതെ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയുക സാദ്ധ്യമല്ല.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

* 345 [23] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട പണികളുടെ അന്വേഷണങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകും ;

(സി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കുവണ്ണം തിരുവല്ലാ ചന്ത തോട് നേരേയും, കവിയൂർ പനയംപാല തോട് നേരേയും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം ;

(ഈ) തിരുവല്ലാ ചന്തത്തോടിനേരേയും, പനയംപാലത്തോടിനേരേയും പണികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കുവണ്ണം വേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അന്വേഷണങ്ങൾ എല്ലാം പൂർത്തിയായിട്ടില്ല.

(ബി) 1956 മാർച്ചിനു്.

(സി) അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഈ) അന്വേഷണഫലങ്ങൾ അറിഞ്ഞിട്ട് വേണ്ട നടപടികൾ എടുക്കാവുന്നതാണ്.

കുടിൽ വ്യവസായങ്ങൾ.

* 346. [24] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിൽ വ്യവസായങ്ങളുടെ പരിപോഷണത്തിനു എന്തു് പദ്ധതികളാണ് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു് ;

(ബി) ഇപ്പോഴുള്ള കുടിൽ വ്യവസായങ്ങളുടെ സെൻസസ് ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കുടിൽവ്യവസായങ്ങൾ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു•

LIBRARY ARCHIVES Kerala Legislative Assembly

ആ വക സഹകരണസംഘങ്ങൾക്ക് ഓഹരിപ്പണവും ഗ്രാന്റായും സഹായ ധനംകൊടുത്തും ഈ രാജ്യത്തെ കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുവാൻ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ബി) ഇപ്പോഴുള്ള കുടിൽവ്യവസായങ്ങളുടെ സെൻസസ് എടുത്തുകഴിഞ്ഞിട്ടില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കുടിൽവ്യവസായങ്ങളുടെ സെൻസസ് എടുക്കുന്നതിനു പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.

അലോപ്പതി ആശുപത്രികളും, ആയുർവേദ ഡിസ്പെൻസറികളും.

* 347. [42] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1955–56 സാമ്പത്തിക വർഷത്തിൽ എത്ര അലോപ്പതി ആശുപത്രികളും, ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) സ്ഥലനിർണ്ണയം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.):

(എ) അലോപ്പതി.

10 ഡിസ്പെൻസറികൾ.

ആയുർവേദം.

നിലവിലിരിക്കുന്ന രണ്ട് ഡിസ്പെൻസറികളെ ആശുപത്രികളായി ഉയർത്താനും, ഒരു ആശുപത്രിയും 12 ഡിസ്പെൻസറികളും പുതുതായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി. & സി) ഉണ്ട്.

ആയുർവേദ ആശുപത്രികൾ.

(1) പെരുമ്പാവൂർ. (പത്തായത്ത്)
(2) കരുനാഗപ്പള്ളി. (നിലവിലിരിക്കുന്ന ഡിസ്പെൻസറിയെ ആശുപത്രിയാക്കുക)
(3) വൈക്കം.

ടി

ആയുർവേദഡിസ്പെൻസറികൾ.

(1) കുന്നംകുളം. (തലപ്പിള്ളിത്താലൂക്ക്)
(2) ചേർപ്പാട്. (കാർത്തികപ്പള്ളി താലൂക്ക്)
(3) മൈനാഗപ്പള്ളി. (കരുനാഗപ്പള്ളി താലൂക്ക്)
(4) വടക്കേവിള. (കൊല്ലം)
(5) കളമറ്റം. (ചിറയിൻകീഴ്)

LIBRARY ARCHIVES Kerala Legislative Assembly